സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

# ഹർജി നമ്പർ AP.No. 2725(5)/17/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No. 15476/SIC-G7/2017

സന്നിഹിത
ശ്രീമതി ശ്രീലത. പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| **ശ്രീ. സിബി ചാക്കോ,**<br>**കമല നിവാസ്,**<br>**അയൺ ബ്രിഡ്ജ് പി.ഒ,**<br>**ചന്ദനക്കാവ്, ആലപ്പുഴ,**<br>**പിൻ – 688 011.** | **അപ്പീൽഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**<br>**സർക്കിൾ ഇൻസ്പെക്ടർ,**<br>**നോർത്ത് പോലീസ് സ്റ്റേഷൻ, ആലപ്പുഴ.**<br><br>**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**<br>**ജില്ലാ പോലീസ്, ആലപ്പുഴ.**<br><br>**അപ്പീൽ അധികാരി,**<br>**ജില്ലാ പോലീസ് ഓഫീസ്,**<br>**ബസാർ പി.ഒ, ആലപ്പുഴ.** | **എതിർകക്ഷികൾ** |

## അന്തിമ ഉത്തരവ്

1. അപ്പീൽ ഹർജിക്കാരൻ ശ്രീ. സിബി ചാക്കോ 12.02.2017 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ AP.No. 2725(5)/17/SIC ആയി ഫയലിൽ സ്വീകരിച്ച് 2018 സെപ്റ്റംബർ മാസം 29–ാം തീയതി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ, ചൂണ്ടി കാട്ടിയ വീഴ്ച സംബന്ധിച്ച് ഒന്നും രണ്ടും എതിർകക്ഷികളോട് വിശദീകരണം ആവശ്യപ്പെടുകയുണ്ടായി.

2. തുടർന്ന് രണ്ടാം എതിർകക്ഷിയുടെ വിശദീകരണം ലഭ്യമാകുകയുണ്ടായി. പ്രസ്തുത വിശദീകരണം പരിശോധിച്ചതിൽ നിന്നും ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടറായി ജോലി നോക്കിയിരുന്ന ശ്രീ. വി. ബാബുവിന്റെ 20.01.2015 മുതൽ 30.11.2015

തീയതി വരെയും 03.02.2016 മുതൽ 30.06.16 തീയതി വരെയുള്ള കാലയളവിലെ വിക്കാരി ഡയറിയുടെയും വെഹിക്കിൾ ഡയറിയുടെയും 443 പേജുകൾ കമ്മീഷൻ ഉത്തരവിലെ നിർദ്ദേശത്തെ തുടർന്ന് അയച്ചു നൽകി എന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം തന്നെ ടി ഓഫീസുകളിൽ നിന്നുമാണ് മേൽ ഓഫീസുകളിലേയ്ക്ക് ലഭിക്കുന്ന തെന്നും പ്രസ്തുത പകർപ്പുകൾ ആലപ്പുഴ ഡി.വൈ.എസ്.പിക്ക് നേരിട്ട് ലഭിക്കുന്നതി നാലും അപേക്ഷ 13.12.2017 തീയതി തന്നെ മടക്കി അയച്ചു എന്നും ടി വിവരം അപ്പീൽഹർജി ക്കാരനെ അറിയിച്ചു എന്നും കാണുന്നു. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ അയച്ചു നൽകിയ വിശദീകരണം പൂർണ്ണമായി തൃപ്തികരമല്ലെങ്കിലും മൊത്തത്തിലുള്ള വസ്തുതകൾ പരിഗണിച്ച് 20(1) പ്രകാരമുള്ള ശിക്ഷാ നടപടിയിൽ നിന്ന് രണ്ടാം എതിർക ക്ഷിയെ ഒഴിവാക്കുന്നു.

3. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച 17.08.2017 ലെ അപേക്ഷ കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. സന്തോഷ് കുമാറിന്റെ വിശദീകരണം കമ്മീഷനിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ 30.06.2021 തീയതിയിലെ കത്ത് പ്രകാരം 22.07.2021 ന് ടിയാനെ നേരിൽ കേൾക്കുന്നതിനായി നിലവിലെ എസ്.പി.ഐ.ഒ വഴി കത്ത് അയച്ചു നൽകു കയുണ്ടായി. തുടർന്ന് ശ്രീ. കെ.വി. വിനോദ് കമ്മീഷൻ മുമ്പാകെ അയച്ചു നൽകിയ 22.07.2021 തീയതിയിലെ കത്തിൽ നേർവിചാരണാദിവസം മറ്റൊരു ദിവസത്തേക്ക് ആക്കണ മെന്ന് അപേക്ഷിച്ചു കൊണ്ടുള്ളതായിരുന്നു. എന്നാൽ പരാർശിത കാലയളവിലെ എസ്.പി .ഐ.ഒ ശ്രീ. സന്തോഷ്കുമാറാണ് ഹാജരാകേണ്ടിയിരുന്നത്. കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് നൽകിയിട്ടുള്ളതും ശ്രീ. കെ.പി. വിനോദ് ആണ്. വസ്തുതകൾ മൊത്തത്തിൽ പരിശോധിക്കു മ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നടപടി സ്വീകരിക്കാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്നുമുണ്ടായ വീഴ്ചയ്ക്ക് നാളി തുവരെ യാതൊരു വിശദീകരണവും കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയിട്ടില്ല. മേൽ സാഹച ര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു.

4. അപ്പീൽ ഹർജിക്കാരനു സമയബന്ധിതമായി വിവരം നൽകാതിരുന്ന പരാമർശിത കാലയള വവിലെ എസ്.പി.ഐ.ഒ ശ്രീ. സന്തോഷ് കുമാറിനെ ശിക്ഷിക്കുവാനും ശിക്ഷയായി **25,000/-** രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കു വാനും കമ്മീഷൻ ഉത്തരവാകുന്നു. ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷി **25,000/-** രൂപ **"0070-60-118-99 Receipts under the Right to Information Act,**

2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ അപ്പീൽഹർജി **ഇന്നേ ദിവസം 2021 നവംബർ മാസം 15-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

gs